**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **23-02-2026 - ൽ മറുപടിയ്ക്ക്**

**വരുമാന നഷ്ടം നികത്തുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക രംഗത്ത് രാജ്യത്ത് പൊതുവിലും സംസ്ഥാനത്തിന് പ്രത്യേകിച്ചും ഗുണകരമല്ലാത്തതും ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്തതുമായ ഏതെല്ലാം പരിഷ്കാരങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മിഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷൻ കാലയളവിലെ 3.875 ശതമാനത്തിൽ നിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മീഷൻ, കുറച്ചു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർദ്ധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.<br><br>പൊതു കടം-ജിഡിപി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനുള്ള ഒരു |

| | | | |
|---|---|---|---|
| | | | മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്.<br><br>കൂടാതെ, ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് പ്രത്യേക സംവിധാനം നേരത്തെ ഉണ്ടായിരുന്നോ; നിലവിൽ കേരളത്തിന് ഈയിനത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2017-ൽ ജി.എസ്.ടി നിയമം നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകാവുന്ന വരുമാന നഷ്ടം പരിഗണിച്ച 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരത്തിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. നിലവിൽ ഈയിനത്തിൽ നഷ്ടപരിഹാരമൊന്നും കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നില്ല |
| (സി) | നഷ്ടപരിഹാരം പുന:സ്ഥാപിക്കണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2017 ൽ ജി.എസ്.ടി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തുടക്കത്തിലെ 5 വർഷക്കാലത്തേക്ക് അനുവദിച്ചിരുന്ന കോമ്പൻസേഷൻ പദ്ധതി നിർത്തലാക്കുന്നതിനു മുന്നോടിയായി, പ്രസ്തുത കോമ്പൻസേഷൻ 5 വർഷത്തേക്ക് കൂടി തുടരണം എന്ന 2021 സെപ്തംബറിൽ നടന്ന 45-ാം ജി.എസ്.ടി കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരിഗണിക്കാതെ 2022 ജൂൺ മാസം പ്രസ്തുത കോമ്പൻസേഷൻ പദ്ധതി നിർത്തലാക്കുകയാണുണ്ടായത്. തുടർന്ന് 2025 സെപ്തംബറിൽ നടപ്പിൽ വരുത്തിയ ജി.എസ്.ടി നികുതി പരിഷ്കരണത്തിന്റെ ഭാഗമായി, സംസ്ഥാനങ്ങൾക്കുണ്ടായേക്കാവുന്ന നികുതി നഷ്ടം ഒഴിവാക്കുന്നതിനായി കോമ്പൻസേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കണം എന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട 56-ാം കൗൺസിൽ മീറ്റിംഗിൽ ഉന്നയിച്ചിരുന്നെങ്കിലും പ്രസ്തുത ആവശ്യം പരിഗണിക്കപ്പെട്ടില്ല. കൂടാതെ ജി.എസ്.ടി നഷ്ട പരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചുവെങ്കിലും അവയൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല. |
| (ഡി) | വിഭവ കൈമാറ്റത്തിനായി ഓരോ സംസ്ഥാനത്തോടും വ്യത്യസ്ത സമീപനം കേന്ദ്ര സർക്കാർ പുലർത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരളത്തെ സംബന്ധിച്ച് എത്രത്തോളം ദോഷകരമായിരുന്നുവെന്ന് | (ഡി) | ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 270 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. നികുതി കൈമാറ്റത്തിനു ശേഷമുള്ള റവന്യൂ കമ്മി കുറയ്ക്കുന്നതിന് |

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം, സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, ദുരന്ത നിവാരണ ഗ്രാന്റുകൾ, മേഖല തിരിച്ചുള്ള ഗ്രാന്റുകൾ, സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ഗ്രാന്റുകൾ എന്നിവയും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. എങ്കിലും പതിനഞ്ചാം ധനകാര്യ കമ്മീഷൻ മേഖല തിരിച്ചുള്ള ഗ്രാന്റുകളും സംസ്ഥാനങ്ങൾക്കായി പ്രത്യേകമായുള്ള ഗ്രാന്റുകളും ശുപാർശ ചെയ്തിരുന്നെങ്കിലും കേന്ദ്ര സർക്കാർ ഇവ അംഗീകരിച്ചില്ല. കേന്ദ്ര വിഹിത കൈമാറ്റത്തിലെ ഉപാധി രഹിത ഘടകങ്ങളാണ് നികുതി വിഹിതവും റവന്യൂ കമ്മി ഗ്രാന്റുകളും. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം നിശ്ചിത ലക്ഷ്യങ്ങൾക്കായി മാറ്റിവച്ചവയാണ്. ഇവ ചെലവഴിക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് പരിമിതമായ സ്വാതന്ത്ര്യം മാത്രമേയുള്ളൂ.<br><br>വർഷങ്ങളായി, 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവിടെ സംസ്ഥാനം ചെലവിന്റെ 40 ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്എൻഎ) സ്പർശും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്എൻഎ അക്കൗണ്ട് ചട്ടക്കൂടിന് കീഴിൽ, കേന്ദ്ര ഗവൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ടാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കീഴിൽ, കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ, കേന്ദ്ര മന്ത്രാലയം റിലീസ് സാംഗ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS- ലെ മന്ത്രാലയം മുഖേന ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുകയും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി അധികമായി സംസ്ഥാന വിഹിതം നൽകേണ്ടതായും വരുന്നു.<br><br>തിരശ്ചീന വിഭജനത്തിന് ധനകാര്യ കമ്മീഷനുകൾ പരിഗണിക്കുന്ന വരുമാന അന്തരം, ജനസംഖ്യ, വിസ്തൃതി മുതലായ മാനദണ്ഡങ്ങൾക്ക് നൽകിയ ഉയർന്ന വെയിറ്റേജ് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 3.88 ശതമാനമാണ് കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട |

അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും പതിനാറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട് (2.382%).

പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനാറാം ധനകാര്യ കമ്മീഷൻ വരെ കേരളത്തിന് അനുവദിച്ച നികുതി വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ധനകാര്യ കമ്മീഷൻ** | **വർഷം** | **കേരളത്തിന് ലഭിച്ച വിഹിതം (ശതമാനത്തിൽ)** |
|---|---|---|
| X | 1995 – 2000 | 3.88 |
| XI | 2000 – 2005 | 3.06 |
| XII | 2005 – 2010 | 2.67 |
| XIII | 2010 – 2015 | 2.34 |
| XIV | 2015 – 2020 | 2.50 |
| XV | 2020 - 2021 | 1.943 |
| | 2021 - 2026 | 1.925 |
| XVI | 2026 - 2031 | 2.382 |

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഡെമോഗ്രഫിക് പെർഫോർമൻസിന് അനുവദിച്ച 12.5% വെയിറ്റേജ് പതിനാറാം കമ്മീഷൻ 10% ആയി കുറച്ചതും ജനസംഖ്യയുടെ വെയിറ്റേജ് 15 % ൽ നിന്നും 17.5 % ആയി വർദ്ധിപ്പിച്ചതും കേരളത്തിന് ദോഷകരമാണ്.

എന്നിരുന്നാലും ഇൻകം ഡിസ്റ്റൻസ്, പതിനാറാം കമ്മീഷന് സമർപ്പിച്ച മെമോറാണ്ടത്തിൽ 45 % ൽ നിന്നും 30% ആക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് 42.5 % ആക്കിയതും വിസ്തീർണ്ണം 15 % ൽ നിന്നും 10 % ആക്കിയതും ആശ്വാസകരമാണ്.

സെക്ഷൻ ഓഫീസർ